REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 13-11-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- റെയിൽവെ സ്റ്റേഷനുകളിലെ 18 പ്രധാൻമന്ത്രി ഭാരതീയ ജൻ ഔഷധി കേന്ദ്രങ്ങൾ പ്രധാനമന്ത്രി നരേന്ദ്രമോദി നാടിന് സമർപ്പിച്ചു.
- വയനാട് ലോക്സഭാ മണ്ഡലത്തിലെയും ചേലക്കര നിയമസഭാ മണ്ഡലത്തിലെയും ഉപതിരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് പുരോഗമിക്കുന്നു.
- ആത്മകഥയുടെ ഭാഗം എന്ന നിലയിൽ മാധ്യമങ്ങളിൽ പ്രചരിക്കുന്നത് തെറ്റായ വാർത്തകളാണെന്ന് മുതിർന്ന CPIM നേതാവ് E.P ജയരാജൻ.
- മുംബൈയിൽ ഇന്നലെ അന്തരിച്ച മുൻ മന്ത്രി M.T പത്മയുടെ മൃതദേഹം ഉച്ച കഴിഞ്ഞ് കരിപ്പൂർ വിമാനത്താവളത്തിൽ എത്തിക്കും. സംസ്കാരം നാളെ.
- ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന് സെഞ്ചൂറിയനിൽ.

## വാർത്തകൾ വിശദമായി

റെയിൽവെ സ്റ്റേഷനുകളിലെ 18 പ്രധാൻമന്ത്രി ഭാരതീയ ജൻ ഔഷധി കേന്ദ്രങ്ങൾ പ്രധാനമന്ത്രി നരേന്ദ്രമോദി നാടിന് സമർപ്പിച്ചു. ബിഹാറിലെ ദർഭംഗയിൽ ഓൺലൈനായാണ് നരേന്ദ്രമോദി ജനൗഷധി കേന്ദ്രങ്ങൾ ഉദ്ഘാടനം ചെയ്തത്.

ബിഹാറിലെ 12,100 കോടിയിൽപ്പരം രൂപയുടെ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കമിടും. പൂർത്തീകരിച്ച പദ്ധതികൾ അദ്ദേഹം രാഷ്ട്രത്തിന് സമർപ്പിക്കുകയും ചെയ്യും.

✪✪✪

വയനാട് ലോക്സഭാ മണ്ഡലത്തിലെയും ചേലക്കര നിയമസഭാ മണ്ഡലത്തിലെയും ഉപതിരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് പുരോഗമിക്കുന്നു. വയനാട്ടിൽ ആദ്യ നാലു മണിക്കൂറിൽ 27.04 ശതമാനം പോളിംഗ് രേഖപ്പെടുത്തിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ചേലക്കരയിൽ 29.36 ശതമാനം പോളിംഗ് ആണ് രാവിലെ 11 വരെ രേഖപ്പെടുത്തിയത്.

✪✪✪

ചേലക്കര മണ്ഡലത്തിൽ വോട്ടിംഗ് പുരോഗമിക്കുകയാണ്.

വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്.

.....(വോയ്സ്).......

✪✪✪

പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ LDF സ്ഥാനാർഥി ഡോ. P. സരിൻ ഇന്ന് മാത്തൂർ പിരായിരി കണ്ണാടി പ്രദേശങ്ങളിൽ പ്രചാരണം ആരംഭിച്ചു. NDA സ്ഥാനാർഥി C.കൃഷ്ണകുമാർ പാലക്കാട് ഈസ്റ്റ്, മാത്തൂർ പഞ്ചായത്തുകളിലാണ് വോട്ട് തേടുന്നത്. UDF സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിലിന്റെ പ്രചാരണാർത്ഥം ഇന്നലെ UDF ബുള്ളറ്റ് റൈഡ് സംഘടിപ്പിച്ചിരുന്നു.

✪✪✪

വോട്ടെടുപ്പിന് ഒരാഴ്ച ശേഷിക്കേ പാലക്കാട് നിയമസഭാ മണ്ഡലത്തിൽ പ്രചാരണം കൂടുതൽ കൊഴുപ്പിക്കുകയാണ് മുന്നണികൾ.

ആകാശവാണി ജില്ലാപ്രതിനിധി ഫൈസൽ അലിമുത്തിന്റെ റിപ്പോർട്ട്.

........(വോയ്സ്).............

✪✪✪

ആത്മകഥയുടെ ഭാഗം എന്ന നിലയിൽ മാധ്യമങ്ങളിൽ പ്രചരിക്കുന്നത് തെറ്റായ വാർത്തയാണെന്നും ആത്മകഥ പ്രസിദ്ധീകരണത്തിന് ആർക്കും അനുമതി നൽകിയിട്ടില്ലെന്നും മുതിർന്ന CPIM നേതാവ് E.P ജയരാജൻ വ്യക്തമാക്കി. വിഷയത്തിൽ നിയമ നടപടി സ്വീകരിക്കുമെന്നും ഉപതെരഞ്ഞെടുപ്പ് ദിവസം വിവാദമുണ്ടാക്കുന്നത് രാഷ്ട്രീയ ഗൂഢാലോചനയുടെ ഭാഗമാണെന്നും അദ്ദേഹം കണ്ണൂരിൽ മാധ്യമങ്ങളോട് പറഞ്ഞു.

ആത്മകഥയിലേത് എന്ന തരത്തിൽ പ്രചരിക്കുന്ന വാർത്തകൾ അടിസ്ഥാനരഹിതമാണെന്നും ജയരാജൻ പറഞ്ഞു. പുസ്തകത്തിന്റെ കവർ ചിത്രം പോലും തയ്യാറാക്കിയിട്ടില്ല. വിഷയത്തിൽ നിയമനടപടി സ്വീകരിക്കുമെന്നും ജയരാജൻ പ്രതികരിച്ചു.

ജനിക്കാത്ത കുഞ്ഞിന്റെ ജാതകം വായിക്കാൻ ശ്രമിക്കുന്നതു പോലെയാണ് ആത്മകഥാ വിവാദമെന്ന് മന്ത്രി V.N വാസവൻ അഭിപ്രായപ്പെട്ടു. ഉപതിരഞ്ഞെടുപ്പ് ദിവസം തന്നെ വാർത്ത വന്നതിനു പിന്നിൽ ഗൂഢാലോചനയുണ്ടെന്നും മന്ത്രി കോട്ടയത്ത് പറഞ്ഞു.

✪✪✪

ജനശ്രദ്ധ തിരിച്ചുവിടാൻ ബോധപൂർവ്വം കെട്ടിച്ചമച്ചതാണ് EP ജയരാജന്റെ പുസ്തകവുമായി ബന്ധപ്പെട്ട പരാമർശങ്ങളെന്ന് LDF കൺവീനർ TP രാമകൃഷ്ണൻ അഭിപ്രായപ്പെട്ടു. പുസ്തകം പ്രസിദ്ധീകരണത്തിന് നൽകിയിട്ടില്ലെന്ന് EP തന്നെ വ്യക്തമാക്കിയിട്ടുണ്ടെന്നും ദൃശ്യമാധ്യമങ്ങൾ സദുദ്ദേശപരമല്ലാത്ത രീതിയിൽ ഇതിനെതിരെ പ്രചാരണം നടത്തുകയാണെന്നും കൺവീനർ പറഞ്ഞു.

✪✪✪

ഉപതിരഞ്ഞെടുപ്പ് ദിവസം തന്നെ മാധ്യമങ്ങൾ EP യുടെ പുസ്തക വിവാദം മനഃപൂർവ്വം ഉന്നയിക്കുകയാണെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ കുറ്റപ്പെടുത്തി. പുസ്തക പ്രസാധകർക്കെതിരെ നിയമനടപടി സ്വീകരിക്കുമെന്ന് EP ജയരാജൻ തന്നെ വ്യക്തമാക്കിയ സാഹചര്യത്തിൽ വിവാദത്തിന് അടിസ്ഥാനമില്ലെന്നും ഗോവിന്ദൻ കണ്ണൂരിൽ പറഞ്ഞു.

✪✪✪

അതേസമയം EP ജയരാജന്റെ ആത്മകഥയുടെ പ്രകാശനം മാറ്റി വെച്ചതായി പ്രസാധകർ അറിയിച്ചു. പുസ്തക നിർമ്മിതിയിലെ സാങ്കേതിക പ്രശ്നമാണ് ഇതിന് കാരണമെന്ന് അവർ പറഞ്ഞു.

✪✪✪

ഇംഗ്ലീഷ് എഴുത്തുകാരി സാമന്ത ഹാർവേക്ക് ഈ വർഷത്തെ ബുക്കർ പ്രൈസ് ലഭിച്ചു. ഓർബിറ്റൽ എന്ന നോവലിനാണ് പുരസ്കാരം. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെ ആറ് ജീവനക്കാരുടെ കഥ പറയുന്നതാണ് നോവലിന്റെ ഇതിവൃത്തം.

✪✪✪

ഇന്നലെ മുംബൈയിൽ അന്തരിച്ച മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ M.T പത്മയുടെ മൃതദേഹം ഉച്ച കഴിഞ്ഞ് കരിപ്പൂർ

വിമാനത്താവളത്തിൽ എത്തിക്കും. തുടർന്ന് വെസ്റ്റ്ഹിലിലെ കോൺഗ്രസ് ജില്ലാ കമ്മിറ്റി ഓഫീസിൽ പൊതുദർശനത്തിന് വെയ്ക്കും. നാളെ രാവിലെ ഗാന്ധി റോഡിന് സമീപത്തെ വീട്ടിലും പൊതുദർശനമുണ്ടായിരിക്കും. 11 മണിയോടെ വെസ്റ്റ് ഹിൽ ശ്മശാനത്തിൽ സംസ്‌ക്കാരം നടത്തും.

M.T പത്മയോട് ആദരസൂചകമായി കോഴിക്കോട് ജില്ലയിലെ എല്ലാ പാർട്ടി പരിപാടികളും മാറ്റിവെച്ചതായി DCC പ്രസിഡന്റ് അറിയിച്ചു.

✪✪✪

ശബരിമല തീർത്ഥാടകർക്കായി പത്തനംതിട്ട ജില്ലാ ഭരണ സംവിധാനം നിർമ്മിക്കുന്ന "സ്വാമി ചാറ്റ് ബോട്ട് " A.I അസ്സിസ്റ്റന്റിന്റെ ലോഗോ മുഖ്യമന്ത്രി പിണറായി വിജയൻ അനാവരണം ചെയ്തു. സ്മാർട്ട് ഫോൺ ഇന്റർഫേസിലൂടെ ഇംഗ്ലീഷ്,ഹിന്ദി, മലയാളം, തെലുങ്ക്, തമിഴ്, കന്നഡ തുടങ്ങി ആറു ഭാഷകളിൽ സമഗ്ര സേവനം ഉറപ്പ് വരുത്തും.

✪✪✪

ശബരിമല തീർത്ഥാടന കാലത്തെ യാത്രാതിരക്ക് പരിഗണിച്ച് റെയിൽവെ, ഹുബ്ബള്ളിയിൽ നിന്ന് കോട്ടയത്തേക്ക് പ്രത്യേക ട്രെയിൻ സർവീസ് നടത്തും. ഈ മാസം 19 മുതൽ ജനുവരി 14 വരെ ഒൻപത് സർവീസുകൾ ഉണ്ടായിരിക്കും.

✪✪✪

ശബരിമല തീർത്ഥാടകർക്ക് എരുമേലി ചെറിയമ്പലത്തിനു സമീപം വാഹന പാർക്കിംഗ് ഏർപ്പെടുത്തുന്ന പദ്ധതി മന്ത്രി K രാജൻ ഇന്ന് ഉദ്ഘാടനം ചെയ്യും. സംസ്ഥാന ഭവന നിർമ്മാണ ബോർഡാണ് സ്ഥലമൊരുക്കുന്നത്. എരുമേലിയെ രാജ്യാന്തര നിലവാരത്തിൽ ഡിവോഷണൽ ഹബ്ബാക്കി മാറ്റുന്ന പദ്ധതി ഭവന നിർമ്മാണ ബോർഡ് മൂന്ന് ഘട്ടമായാണ് നടപ്പാക്കുന്നത്.

✪✪✪

കോഴിക്കോട് തളി മഹാദേവക്ഷേത്രത്തിലെ ചരിത്ര പ്രസിദ്ധമായ രേവതി പട്ടത്താനത്തിൽ ചടങ്ങുകൾ ആരംഭിച്ചു. രാവിലെ ശാസ്ത്ര സദസ്സിനു ശേഷം കൂടല്ലൂർ നമ്പൂതിരിപ്പാട് നിശ്ചയിച്ച വേദപണ്ഡിതൻ നീലകണ്ഠൻ നമ്പൂതിരിക്ക് ആചാരപ്രകാരം സാമൂതിരി രാജാവ് K.C ഉണ്ണിയനുജൻ രാജ വാതിൽമാടത്തിൽ പണക്കിഴി നൽകി ആദരിച്ചു. മനോരമ തമ്പുരാട്ടി പുരസ്ക്കാരം കവിയും ഗാനരചയിതാവുമായ R.K ദാമോദരന് നൽകി ആദരിച്ചു.

തുടർന്ന് ഋഗ്വേദ സംഹിതയും വാക്യാർത്ഥ സദസ്സും സംഘടിപ്പിച്ചു. ഉച്ചക്ക് അക്ഷരശ്ലോക സദസ്സും പ്രഭാഷണങ്ങളും ഉണ്ടാകും. വൈകിട്ട് സമാപന സമ്മേളനത്തിൽ MK രാഘവൻ M.P മുഖ്യാതിഥിയാകും.

✪✪✪

പാലക്കാട് കൽപ്പാത്തിയിൽ രഥോത്സവത്തിന് തുടക്കമായി. രാവിലെ 11 നും 12 നും ഇടയിൽ രഥാരോഹണം നടന്നു. വൈകീട്ട് രഥപ്രയാണത്തിന് തുടക്കമാകും. കൽപ്പാത്തി വിശാലാക്ഷി സമേത വിശ്വനാഥ സ്വാമിയുടെയും പരിവാര ദേവതകളുടെയും തേരുകളാണ് ഒന്നാം തേര് ദിവസമായ ഇന്ന് അഗ്രഹാര വീഥികളിൽ എത്തുക.

✪✪✪

ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന് സെഞ്ചൂറിയൻ സൂപ്പർ സ്പോർട് പാർക്കിൽ. ഇന്ത്യൻ സമയം രാത്രി എട്ടരയ്ക്ക് മത്സരം തുടങ്ങും. ആദ്യ മത്സരം ജയിച്ച് ഇന്ത്യയും, രണ്ടാം മത്സരം വിജയിച്ച് ദക്ഷിണാഫ്രിക്കയും നാലു മത്സര പരമ്പരയിൽ ഒപ്പത്തിനൊപ്പമാണ്.

✪✪✪

കൊച്ചിയിൽ സംസ്ഥാന സ്കൂൾ കായികമേളയുടെ സമാപന സമ്മേളനം അലങ്കോലപ്പെടുത്താൻ ശ്രമമുണ്ടായെന്ന ആരോപണത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പ് മൂന്നംഗ സമിതിയെ നിയോഗിച്ചു. തിരുനാവായ നാവാ മുകുന്ദ, കോതമംഗലം മാർ ബേസിൽ എന്നീ സ്കൂളുകളോടും വിശദീകരണം തേടും. രണ്ടാഴ്ചക്കകം സമിതി റിപ്പോർട്ട് നൽകണം.

✪✪✪

മലപ്പുറത്ത് പരാതി പറയാൻ എത്തിയ വീട്ടമ്മയെ പോലീസ് ഉദ്യോഗസ്ഥർ പീഡിപ്പിച്ചെന്ന പരാതിയിൽ കേസെടുക്കാൻ നിർദ്ദേശിച്ച പൊന്നാനി മജിസ്ട്രേറ്റ് കോടതി ഉത്തരവ് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് റദ്ദാക്കി. ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ നിർദ്ദേശത്തെ തുടർന്നാണ് കേസന്വേഷണത്തിന് മജിസ്ട്രേറ്റ് കോടതി ഉത്തരവിട്ടത്.

✪✪✪

സംസ്ഥാനത്ത് ശനിയാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് പത്തനംതിട്ട, എറണാകുളം, ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.

✪✪✪

കേരളോത്സവത്തിന്റെ പ്രാഥമികതല മത്സരങ്ങൾ മറ്റന്നാൾ ആരംഭിക്കും. ഗ്രാമപഞ്ചായത്ത് തല മത്സരങ്ങൾ വെള്ളിയാഴ്ച മുതൽ ഈ മാസം 30 വരെയും, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക് പഞ്ചായത്ത് തല മത്സരങ്ങൾ ഡിസംബർ ഒന്ന് മുതൽ 15 വരെയും നടത്തും. ജില്ലാ

പഞ്ചായത്ത് തല മത്സരങ്ങൾ ഡിസംബർ16 മുതൽ 31 വരെയാണ്. സംസ്ഥാനതല മത്സരം ജനുവരി ആദ്യവാരം ആരംഭിക്കും.

✪✪✪

കോഴിക്കോട് റയിൽവേ സ്റ്റേഷൻ പരിസരവും പ്ലാറ്റ്ഫോമുകളും തെരുവുനായ്ക്കൾ കൈയടക്കിയെന്ന പരാതിയിൽ സ്റ്റേഷൻ മാനേജർ, RPF സൂപ്രണ്ട്, നഗരസഭാ സെക്രട്ടറി എന്നിവർ മറ്റന്നാളത്തെ സിറ്റിംഗിൽ നേരിട്ട് ഹാജരാകണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജുനാഥ് ഉത്തരവിട്ടു. പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

✪✪✪

കണ്ണൂർ മുണ്ടേരിക്കടവ് പാലത്തിനു സമീപം ബൈക്കും പിക്കപ്പ് വാഹനവും കൂട്ടിയിടിച്ച് ബൈക്ക് യാത്രക്കാരായ രണ്ട് യുവാക്കൾ മരിച്ചു. കയ്യങ്കോട്ടെ അജാസ്, കണ്ണാടിപ്പറമ്പ് കാരയാപ്പിലെ വിഷ്ണു എന്നിവരാണ് മരിച്ചത്. ഇന്നലെ വൈകീട്ട് ആറ് മണിയോടെയായിരുന്നു അപകടം.

✪✪✪

പാലക്കാട് ചിറ്റൂർ കുന്നംപിടാരി എരി പുറമ്പോക്ക് ഭൂമിയിൽ നിന്ന് 670 ലിറ്റർ സ്പിരിറ്റ് എക്സൈസ് പിടികൂടി. 35 ലിറ്റർ വീതം 21 കന്നാസുകളിൽ സൂക്ഷിച്ച നിലയിലാണ് സ്പിരിറ്റ് കണ്ടെത്തിയത്. കഴിഞ്ഞ ദിവസം വണ്ണാമടയിലെ തെങ്ങിൻ തോപ്പിൽ നിന്ന് 1,326 ലിറ്റർ സ്പിരിറ്റ് പിടികൂടിയിരുന്നു.

✪✪✪